**കേരള സർക്കാർ**

സംഗ്രഹം

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ 20-ാം നമ്പർ ശുപാർശയിന്മേലുള്ള നടപടി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(എം.എസ്)നം. **152/2018/ധന.** തീയതി, തിരുവനന്തപുരം, **21.04.2018.**

---

പരാമർശം: 1. 19.08.2017 ലെ സ.ഉ.(എം.എസ്)നം. 407/2017/ധന സർക്കാർ ഉത്തരവ്.
2. അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട്.

**ഉത്തരവ്**

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള നടപടി റിപ്പോർട്ടും 07.02.2018 ന് സംസ്ഥാന നിയമസഭ മുൻപാകെ വയ്ക്കുകയുണ്ടായി. കമ്മീഷന്റെ ഒന്നാംഭാഗ റിപ്പോർട്ടിലെ ഇരുപതാം നമ്പർ ശുപാർശയായ "പ്രാദേശിക സർക്കാരുകളിലേയ്ക്കുള്ള ഫണ്ട് കൈമാറ്റം സംബന്ധിച്ച ഫലപ്രദമായ നിരീക്ഷണത്തിന്, പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട് (റോഡും, റോഡിതരവും), വികസന ഫണ്ട് എന്നിങ്ങനെയുള്ള എല്ലാ ഫണ്ട് കൈമാറ്റങ്ങളും '3604' എന്ന മുഖ്യ ശീർഷകത്തിൽ ഉചിതമായ ഉപശീർഷകങ്ങൾ മുഖേനയായിരിക്കണം വിതരണം ചെയ്യേണ്ടത്" എന്നത് സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ, നിലവിൽ 'ധനാഭ്യർത്ഥന XV - പൊതു മരാമത്തി' ൽ '3054' എന്ന മുഖ്യ ശീർഷകത്തിലാണ് റോഡ് സംരക്ഷണ ഫണ്ട് വകയിരുത്തിവരുന്നത്. റോഡ് ആസ്തികൾക്കുള്ള സംരക്ഷണ ഫണ്ട് കൂടി '3604' എന്ന ശീർഷകത്തിൻ കീഴിൽ ഉൾപ്പെടുത്തിയാൽ 'ധനാഭ്യർത്ഥന XV-പൊതുമരാമത്തി' ൻ കീഴിലുള്ള '3054' ശീർഷകത്തിൽ മൊത്തം ധനവിനിയോഗത്തിൽ വലിയ കുറവ് സംഭവിക്കും. മാത്രവുമല്ല, അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ആദ്യ രണ്ട് വർഷത്തെ (2016 - 17 -ഉം 2017 - 18 -ഉം ) റോഡ് ആസ്തികൾക്കുള്ള ചെലവ് '3054' എന്ന ശീർഷകത്തിൽ നിന്നാണ് വഹിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഇടയ്ക്ക് വച്ച് റോഡ് ആസ്തികൾക്കുള്ള ഫണ്ടിന്റെ ശീർഷകം മാറ്റുന്നത് അഭികാമ്യമല്ല എന്ന അഭിപ്രായം ഉയരുകയും ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 20-ാം നമ്പർ ശുപാർശയിലെ നടപടി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു: "പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട് (റോഡിതരം), വികസന ഫണ്ട് എന്നിവയുടെ കാര്യത്തിൽ ശുപാർശ അംഗീകരിച്ചു. റോഡു സംരക്ഷണ ഫണ്ടിന്റെ വിഷയത്തിൽ മുഖ്യ ശീർഷകം '3054' ന്റെ കീഴിൽ ഫണ്ട് അനുവദിക്കുന്ന നിലവിലെ രീതി തുടരുന്നതാണ് ".

**3.** പരാമർശം 2 ലെ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്തു കൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എല്ലാ പ്രാദേശിക സർക്കാരുകൾക്കും.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( അക്കൗണ്ട്സ് എ /ബി.ഡബ്ല്യു -ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-709264).

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ